**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **04-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോക്ഡൗണിന്റെ പേരിൽ പിഞ്ചു കുഞ്ഞുങ്ങളെ അടക്കം പോലീസ് ഉപദ്രവിക്കുന്ന സംഭവങ്ങൾ കൂടി വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഐ. എസ്. ആർ. ഒ. യുടെ വാഹനം കടന്നുപോകുന്നത് കാണാനായി ആറ്റിങ്ങലിൽ നിൽക്കുമ്പോൾ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് മൂന്ന് വയസ്സുകാരിയോട് അപമര്യാദയായി പെരുമാറിയ പിങ്ക് പോലീസിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി, ആരോപണ വിധേയയായ ഉദ്യോഗസ്ഥയെ മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതും Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത സംഭവത്തിൽ കുട്ടിയുടെ അച്ഛൻ നൽകിയ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും പരാതിയിൽ എസ്. സി. /എസ്. ടി. അട്രോസിറ്റി പ്രിവെൻഷൻ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ; | (സി) | പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി, ആരോപണ വിധേയയായ ഉദ്യോഗസ്ഥയെ മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതും Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | അമിതവേഗത്തിന് പെറ്റി അടക്കാത്തതിന് വാഹനവേഗത പരിശോധിക്കുന്ന ഇൻസ്പെക്ടർ വാഹനത്തിലുണ്ടായിരുന്ന മൂന്നു വയസുകാരിയെ കാറിൽ പൂട്ടിയിട്ട സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ